## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4341 — 12.11.2019 -ൽ മറുപടിയ്ക്ക്

വയലട ടൂറിസം പദ്ധതി

| **ചോദ്യം**<br>ശ്രീ.പുരുഷൻ കടലുണ്ടി : | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | മലബാറിന്റെ ഗവി എന്നറിയപ്പെടുന്ന വയലട ടൂറിസം വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്താമോ; | (എ) | "റൂറൽ ടൂറിസം ഡവലപ്മെന്റ് ഓഫ് വയലട ഹിൽസ് ബാലുശ്ശേരി, കോഴിക്കോട്" എന്ന പദ്ധതിക്ക് സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് 3,04,22,100/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്ന് ലഭ്യമാക്കി നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഡി.ടി.പി.സി മുഖേന KEL( KERALA ELECTRICAL & ALLIED ENGINEERING CO.LTD) എന്ന ഏജൻസിക്കാണ് നിർമ്മാണ ചുമതല. |
| ബി) | നിലവിൽ വയലടയിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | ബി) | 18 മാസം പൂർത്തീകരണ കാലാവധിയിലാണ് പ്രവൃത്തികൾ ആരംഭിച്ചത്. എന്നാൽ പ്രതികൂല കാലാവസ്ഥയിൽ നിർമാണ വസ്തുകൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിലെ വൈഷമ്യവും നിർമാണ വസ്തുക്കളായ മെറ്റൽ മുതലായവയുടെ ലഭ്യതക്കുറവും പ്രവൃത്തിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | 2020 മാർച്ചിന് മുൻപായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ